ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) സർക്കാരിന്റെ അനാസ്ഥ ഉണ്ടായിട്ടില്ല.

(സി) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പദ്ധതിക്കുകീഴിൽ വരുന്ന മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി 2000-2009 വർഷം വരെ ആകെ 154.964 കോടി രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. എം.വി.ഐ.പി.-ക്കുവേണ്ടി ഡിഎസ്ആർ 2014 പ്രകാരം തയ്യാറാക്കിയ 965 കോടി രൂപയുള്ള റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം-പേട്ട മുന്നാംമനയ്ക്കൽ-പുള്ളിലൈൻ ഡ്രെയിനേജ്

162 (2442) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-പേട്ട മുന്നാംമനയ്ക്കൽ നിന്നും പുള്ളിലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി ചാക്ക മുതൽ കൽപ്പക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ പൂർത്തീകരിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം നേടിയെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) 1985-ൽ സ്ഥാപിച്ച ഡ്രെയിനേജ് ലൈൻ ഉപയോഗയോഗ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത പ്രദേശത്തിന് സമീപമുള്ള 350 മീറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ നിലവില്ലാത്തതിനാൽ പ്രസ്തുത ദൂരം സ്വീവറേജ് ലൈൻ സ്ഥാപിക്കുവാൻ നിലവിലുള്ള ലൈനുമായി ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്ത് എന്ന് സ്വീവറേജ് ലൈൻ സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാക്ക മുതൽ കൽപ്പക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്ന് അനുമതി ലഭിച്ചതനുസരിച്ച് ട്രങ്ക് മെയിൻ 550 മീറ്റർ സ്ഥാപിച്ചെങ്കിലും, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം പണി നിർത്തിവച്ചു തുടർന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

പണിക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല ഈ പൈപ്പുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തന്നെ മാറ്റി സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതുകഴിഞ്ഞാലേ തുടർന്നുള്ള പണികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇനി ഇടാനുള്ള 317 മീറ്ററിനുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. ലഭ്യമാക്കുവാൻ MORTH Format-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ കൺസൾട്ടന്റ്, 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗയോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടി എന്ന നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകളെ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി നടന്നുവരുന്നു.

(സി) ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി.-യുടെ അനുമതി ലഭിക്കുവാനായി, പ്രസ്തുത ദൂരം കൂടി സ്വീവറേജ് നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നെറ്റ്‌വർക്ക് ഡ്രോയിംഗ് സമർപ്പിക്കുവാൻ നിലവിലെ കരാറുകാരന് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ബലിഘട്ട് നിർമ്മാണം

163 (2443) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ മഹാദേവേശ്വരം തേവരുകടവിൽ ബലിഘട്ട് നിർമ്മിക്കുവാൻ ഇറിഗേഷൻ വിഭാഗം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ എത്രയും വേഗം നടപടി സ്വീകരിയ്ക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 25.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പുസാമ്പത്തിക വർഷം അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ അനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) W1-37571/15 എന്ന നമ്പരിൽ പ്രസ്തുത വിഷയം ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly